അച്ചടക്ക നടപടികൾക്കു വിധേയരായ ഐ. പി. എസ്.
ഉദ്യോഗസ്ഥൻമാർ

1204. [1640] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 24-5-1982-നുശേഷം ഐ. പി. എസ്. കേഡറിലുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടിക്കു വിധേയരായ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ് ;

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) രണ്ട് ഐ പി. എസ്. ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥൻമാർ അവരുടെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള വീഴ്ചകൾ വരുത്തിയിട്ടുള്ളവരാണോ എന്ന് തെളിയുന്നതിനു മുൻപ് പൊതു താൽപര്യം പരിഗണിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

പോലീസുദ്യോഗസ്ഥൻമാരുടെ അനാസ്ഥയെപ്പറ്റി
കോടതിവിധികളിൽ വരുന്ന പരാമർശം

1205. [1641] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഗൗരവമുള്ള ക്രിമിനൽ കേസ്സുകളിൽ മേൽ കോടതി പറയുന്ന വിധിന്യായങ്ങളിൽ അന്വേഷണം നടത്തിയ പോലീസുദ്യോഗസ്ഥൻമാരുടെ അനാസ്ഥയെക്കുറിച്ച് പരാമർശവും വിമർശനവുമുണ്ടായാൽ, പരാമർശിക്കപ്പെട്ട പോലീസുദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 25-5-1982 നുശേഷം 31-5-1985 വരെ നടപടിക്കു വിധേയരായ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ് ;

(സി) സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ല ഒഴിച്ച് 45 പോലീസുദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചു. അതിൽ 4 ഡി. വൈ. എസ്. പി. മാരും 30 സർക്കിൾ ഇൻസ്പെക്ടർമാരും 3 ഹെഡ്കോൺസ്റ്റബിൾമാരും ഉൾപ്പെടുന്നു.

(സി) പ്രസ്തുത ഉദ്യോഗസ്ഥൻമാർക്കെതിരെ കേരളാ പോലീസ് ഡിസ്പ്ലാർട്ടുമെൻറൽ എൻകയറീസ് പണിഷ്മെൻറ് ആൻറ് അപ്പീൽ നിയമപ്രകാരം ശിക്ഷണനടപടികളെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly